# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 62 — 12.06.2013 - ൽ മറുപടിക്ക്

### കുടിവെള്ള വിതരണ മേഖലയുടെ സ്വകാര്യവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സി. കൃഷ്ണൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ള വിതരണത്തിന് സിയാൽ മോഡൽ കമ്പനി രൂപീകരിക്കുക വഴി സർക്കാർ കേരളത്തിന്റെ ജലവിതരണ മേഖലയാകെ സ്വകാര്യവൽക്കരിക്കുകയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത് പല ബഹു. എം.എൽ.എ മാരും കേരളത്തിലെ ജലസ്രോതസ്സുകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറിയിട്ടുണ്ടോ എന്ന ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. ആദ്യമിറങ്ങിയ ഉത്തരവിലെ അപാകതകൾ തിരുത്തി കൊണ്ട് പുതിയ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. |
| (ബി) വില്ക്കുന്ന കുടിവെള്ളത്തിന്റെ വില നിശ്ചയിക്കാനും ജലസ്രോതസ്സുകൾ സ്വന്തമാക്കാനും കമ്പനിക്ക് അധികാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വില നിശ്ചയിക്കുന്നതും സ്രോതസ്സുകളുടെ ഉടമസ്ഥാവകാശവും ഏതു രീതിയിൽ ആയിരിക്കുമെന്ന് അറിയിക്കുമോ; | (ബി) ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെയും പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറിന്റെയും വില ന്യായമായിട്ടായിരിക്കും കമ്പനി ഡയറക്ടർ ബോർഡ് തീരുമാനിച്ച് നിശ്ചയിക്കുന്നത്. കമ്പനി അതിനാവശ്യമായ ജലം കണ്ടെത്തുന്നത് ഉപേക്ഷിക്കപ്പെട്ട പാറമടകൾ, കുളങ്ങൾ മുതലായവയിൽ നിന്നും ബന്ധപ്പെട്ട ഏജൻസികളുടെ അനുമതി രേഖാമൂലം വാങ്ങിയ ശേഷം ആയിരിക്കും. ആകയാൽ ചോദ്യത്തിലെ ആശങ്ക അസ്ഥാനത്താണ്. |
| (സി) കമ്പനിയുടെ ഭരണസമിതി രൂപീകരണവുമായി ബന്ധപ്പെട്ട ഉത്തരവിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് 15.04.2013 - ലെ ജി.ഒ (എം.എസ്) നമ്പർ 31/13/ ഡബ്ല്യു.ആർ.ഡി അനുബന്ധമായി ചേർക്കുന്നു. |
| (ഡി) 51% സ്വകാര്യ ഓഹരി ഉടമകളുള്ള കമ്പനിയുടെ നയപരമായ തീരുമാനത്തിൽ സർക്കാരിനുള്ള അധികാരം എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) മൊത്തം 9 പേരുള്ള ഡയറക്ടർ ബോർഡിൽ ഷെയർ ഹോൾഡേഴ്സിനെ പ്രതിനിധീകരിക്കുന്ന 2 അംഗങ്ങൾക്ക് പുറമേയുള്ള 7 പേരിൽ ഒരാൾ ബഹു. ജലവിഭവ വകുപ്പ് മന്ത്രിയും മറ്റ് 6 പേർ സർക്കാർ പ്രതിനിധികളുമാണ്. ഈ 7 പേരും സർക്കാരിന്റെ ഉത്തമ താല്പര്യം സംരക്ഷിക്കും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**